**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 334** **23-08-2022 - ൽ മറുപടിയ്ക്ക്**

**എളവള്ളി ഗവൺമെന്റ് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2016-17 വർഷത്തെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കപ്പെട്ട എളവള്ളി ഗവൺമെന്റ് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം ഇതുവരെ പൂർത്തീകരിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി ഇതുവരെ പൂർത്തീകരിക്കാനാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | ടി പ്രവൃത്തിയുടെ 75% പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ സ്ട്രക്ചർ, പ്ലാസ്റ്ററിംഗ്, വൈദ്യുതീകരണം എന്നീ പ്രവൃത്തികൾ പൂർത്തിയായി. പ്ലംബിംഗ്, പെയിന്റിംഗ്, ടൈൽ വിരിക്കൽ തുടങ്ങി അവസാന മിനുക്കു പണികൾ കൂടി പൂർത്തീകരിക്കുവാനുണ്ട്. ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കെട്ടിട നിർമ്മാണം സംബന്ധിച്ച പാർട്ട് ബിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ടോയെന്നും അതിൻപ്രകാരം തുക അനുവദിച്ചു നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) | 29.06.2022-ന് ലഭ്യമായിട്ടുള്ള ബില്ലുകൾക്ക് തുക അനുവദിക്കുന്നതിനായി ഫണ്ട് ലഭ്യമല്ല. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്. 31.05.2022 വരെ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കപ്പെട്ട എല്ലാ ബില്ലുകൾക്കും തുക അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ബിൽ തുക അനുവദിക്കുന്നതിനും ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനും വേണ്ട നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകി 13.07.2022-ൽ കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ